©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ജൂൺ 30<br>30th June 2021<br>1196 മിഥുനം 16<br>16th Mithunam 1196<br>1943 ആഷാഢം 9<br>9th Ashadha 1943 | നമ്പർ<br>No. | 1903 |

## ചെങ്ങന്നൂർ നഗരസഭ

### വി ജ്ഞാപനം

ഇ2- 1071/2021 10-06-2021

ചെങ്ങന്നൂർ

**2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9-ാം നിയമം 36-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ്) പ്രകാരം കരട്മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്**

താഴെ പറയുന്ന അതിരുകളോടുകൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട്മാസ്റ്റർ പ്ലാൻ ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിൽ സ്വീകരിച്ചത് ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.chengannurmunicipality.lsgkerala.gov.in -ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9-ാം

നിയമം 36-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് , കുറ്റൂർ , ഇരവിപേരൂർ ഗ്രാമപഞ്ചായത്തുകൾ (പത്തനംതിട്ടജില്ല)

കിഴക്ക് : മുളക്കുഴ ഗ്രാമപഞ്ചായത്ത്, കോയിപ്രം, ആറന്മുള ഗ്രാമപഞ്ചായത്തുകൾ- (പത്തനംതിട്ടജില്ല)

തെക്ക് : മുളക്കുഴ, പുലിയൂർ, ആല ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ് : പുലിയൂർ, പാണ്ടനാട്, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തുകൾ

കരട്മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താത്പര്യമുള്ള ഏതൊരാൾക്കും ഇതുസംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം ചെങ്ങന്നൂർ മുനിസിപ്പൽ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 61-ാം വകുപ്പ്പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി ചെയർപേഴ്സൺ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിൽ നിന്നും പ്രസദ്ധീകരണാനുമതി ലഭിച്ചശേഷം ചെങ്ങന്നൂർ നഗരത്തിനായുള്ള കരട് മാസ്റ്റർപ്ലാൻ നഗരസഭയുടെ വെബ്സൈറ്റിൽ പ്രസദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് പ്രസദ്ധീകരണം സംബന്ധിച്ച നോട്ടീസ് ആക്റ്റിലെ 36-ാം വകുപ്പ് (4)-ാം ഉപ വകുപ്പിൽ നിഷ്കർഷിക്കുന്ന വിധം ഔദ്യോഗിക ഗസറ്റിലുൾപ്പടെ പ്രസദ്ധീകരിക്കേണ്ടതുണ്ട് .

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.06.30 05:07:51 +05:30